**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **08-06-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം | | Shri. V. N. Vasavan<br>(സഹകരണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷം സഹകരണ വകുപ്പ് മുഖേന 26സംസ്ഥാന പദ്ധതികളിലായി 15933.00 ലക്ഷം രൂപയും 3 എൻ.സി.ഡി.സി. പദ്ധതികളിലായി 6500.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22433.00 ലക്ഷം രൂപയുടെ വിവിധ പദ്ധതികളിലൂടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഒരു ഏകീകൃത സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനും, നെല്ലിന്റെ സംഭരണ സംസ്കരണ വിപണന പ്രവർത്തനങ്ങൾക്കായി ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് E-Marketing പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനും, പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംഭരണം സംസ്കരണം വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കൂടാതെ സംസ്ഥാനത്തെ വിവിധ തരത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. |
| (ബി) | യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി യുവജനങ്ങൾക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ സഹകരണ |

| | | | |
|---|---|---|---|
| | | | മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരഭകർക്കും സേവനദാതാക്കൾക്കും വേണ്ടി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ നയങ്ങളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | 1949 ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം കൊണ്ടുവരുകയും 29.09.2020ന് പാർലമെന്റിൽ പാസാക്കുകയും ചെയ്തിരുന്നു. ടി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയിലെ സ്ഥാപനങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുന്നവയാണ്. ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) ബിൽ നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്ത് ശാഖകൾ ആരംഭിക്കുന്നതിന് NOC ലഭ്യമാക്കണമെന്ന സെൻട്രൽ രജിസ്ട്രാറുടെ നിർദ്ദേശത്തിന്മേൽ, ഇത്തരം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യാപക പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിലും ടി സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന് ശ്രദ്ധയിൽപെട്ടിട്ടുള്ള സാഹചര്യത്തിലും ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ